## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4569 — 29/6/2012 - ൽ മറുപടിയ്ക്ക്

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.കെ. ശിവദാസൻ നായർ<br>ശ്രീ. എം.എ.വാഹിദ്<br>ശ്രീ. ജോസഫ് വാഴക്കൻ | ശ്രീ. കെ.സി. ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി ) |
| (എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണ് ; | .(എ)<br>1). കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൃഷി പുസ്തകകോർണർ, വനപുസ്തകകോർണർ തുടങ്ങി പ്രവർത്തന രഹിതമായ സ്കീമുകൾ പുനരാരംഭിച്ചു. പരിസ്ഥിതി പുസ്തകകോർണർ, തൊഴിൽ പുസ്തകകോർണർ എന്നിങ്ങനെ നൂതന സ്കീമുകൾ ആരംഭിച്ചു കഴിഞ്ഞു.<br>2). കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രതിമാസം കുറഞ്ഞത് അഞ്ച് പുസ്തക പ്രദർശന വിൽപ്പന നടത്തുന്നതാണ് .<br>3). മലയാളത്തിലെ ക്ലാസിക് കൃതികൾ പുന:പ്രസിദ്ധീകരിക്കും .<br>4). അന്താരാഷ് ട്ര പുസ്തകോത്സവം ലാഭകരമായി നടത്തും .<br>5). ശാസ്ത്രസാങ്കേതിക വിദ്യക്ക് അനുസൃതമായി ഭാഷയെ പരിഷ് ക്കരിക്കാൻ 1997 ൽ ആരംഭിച്ച 'മലയാള തനിമ' പ്രസ്ഥാനം പുനരുജീവിപ്പിക്കും .<br>6). ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറി, ആട്ടോമേഷൻ |

നടത്തുക, ഓൺലൈൻ വിൽപ്പന ആരംഭിക്കുക , ഇ-ബുക്ക് പ്രസിദ്ധീകരിക്കുക എന്നീ പരിപാടികളുടെ പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട് .

7). പുസ്തകങ്ങളുടേയും വിജ്ഞാനകൈരളി ലേഖനങ്ങളുടേയും സംക്ഷിപ്തരൂപം മലയാളലിപിയിൽ മൊബൈൽഫോണിലൂടെ നൽകി മൊബൈൽ ബുക്ക് ആരംഭിക്കുന്നതാണ്.

8). നാഷണൽ ട്രാൻസ്ലേഷനുമായി സഹകരിച്ച് ക്ലാസിക് കൃതികൾ വിവർത്തനം ചെയ്യുക, മഹാന്മാരുടെ ജന്മശതാബ്ദി ആഘോഷിക്കുക എന്നിങ്ങനെ വൈവിധ്യമാർന്ന പരിപാടികൾ ആവിഷ്കരിച്ച് ഇൻസ്റ്റിറ്റ്യൂട്ടിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുന്നതാണ്.

(ബി) മലയാള ഭാഷയിലെ ഗവേഷണ ഗ്രന്ഥങ്ങളും പഠനങ്ങളും ചരിത്ര വസ്തുക്കളും സംരക്ഷിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുവരുന്നു . സെമിനാറുകളും, പുസ്തകപ്രകാശന ചടങ്ങും ഇതിനോടനുബന്ധിച്ച് നടത്തി വരുന്നു.

(സി) വാണിജ്യാടിസ്ഥാനത്തിൽ ഇത്തരം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(സി) സാംസ്കാരിക ഉന്നമനത്തിനും വിജ്ഞാനവ്യാപനത്തിനുമായി ലാഭനഷ്ടരഹിതമായി പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

സെക്ഷൻ ഓഫീസർ